# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6701 04.04.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### റൂസ ഫണ്ട് നല്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ | പ്രൊഫ. സി രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള രണ്ടാം ഘട്ട പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | രണ്ടാംഘട്ടപദ്ധതി (2017-2020) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (ബി) | മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി റൂസ ഫണ്ടുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | രണ്ടാംഘട്ട പദ്ധതിയിൽ ഏതാനും ചില ഘടകങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രധാനമായും, മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിനും നിലവിലെ കോളേജുകളെ മാതൃകാ കോളേജുകളാക്കി മാറ്റുന്നതിനുമുള്ള തിരഞ്ഞെടുപ്പ് NITI Aayog ന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ആസ്പിറേഷൻ ജില്ലകളിൽ നിന്നാക്കി. സംസ്ഥാനത്ത് നിലവിൽ വയനാട് ജില്ല മാത്രമാണ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗവേഷണ രംഗത്തെ മികവിനായി സംസ്ഥാനങ്ങൾക്ക് മുൻപ് 120 കോടി രൂപ നല്കുമെന്ന് അറിയിച്ചിരുന്ന ഘടകത്തിന് നിലവിൽ 50 കോടി രൂപയായി കുറച്ചിട്ടുണ്ട്. കോളേജുകളിലേയും, യൂണിവേഴ്സിറ്റികളിലേയും അധ്യാപക നിയമനത്തിനായി ഓരോ തസ്തികയും മുൻപ് 0.58 ലക്ഷം രൂപ നല്കുമെന്ന് അറിയിച്ചിരുന്ന സ്ഥാനത്ത് നിലവിൽ പ്രസ്തുത തുക 0.48 ആയി കുറച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഫണ്ട് ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന യോഗ്യത |

| | | | |
|---|---|---|---|
| | | | NAAC ന്റെ **2.5** ന് മുകളിലുള്ള ഗ്രേഡായി നിശ്ചയിച്ചിട്ടുണ്ട്. പൊതുവിൽ രണ്ടാംഘട്ട റൂസ ഫണ്ട് ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങളിൽ പ്രധാനമാറ്റം ഉയർന്ന ഗ്രേഡ് ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മത്സരാധിഷ്ഠിത രീതിയിൽ ഫണ്ട് ലഭ്യമാകും എന്നതാണ്. |
| (സി) | ഉയർന്ന നാക് അക്രഡിറ്റേഷനും ഉയർന്ന പോയിന്റും ഉള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സാധ്യതയുണ്ടായിട്ടുണ്ടോ; | (സി) | റൂസയുടെ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി, ഉയർന്ന അക്രഡിറ്റേഷൻ പോയിന്റുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാകുന്നതിനുള്ള സാധ്യതയുണ്ട്. |
| (ഡി) | കേന്ദ്രം റൂസ ഫണ്ട് കൂടുതൽ സ്വയംഭരണ കോളേജുകൾക്ക് നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ ഇതിനോടുള്ള സംസ്ഥാന പ്രതികരണമെന്താണ്? | (ഡി) | കേരളത്തിലെ സ്വയംഭരണ കോളേജുകൾ സർക്കാർ / എയിഡഡ് മേഖലയിലായതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് വകയുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ